**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3644. 25.06.2013 ൽ മറുപടിയ്ക്ക്.

മോട്ടോർ വാഹന നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം, നവീകരണം

| ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ<br>" സി. മോയിൻകുട്ടി<br>" അബ്ദുറഹിമാൻ രണ്ടത്താണി<br>" പി. കെ. ബഷീർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളും കമ്പ്യൂട്ടർവത്കരിച്ചു കഴിഞ്ഞു. ചരക്ക് വാഹനങ്ങളിലെ അമിതഭാരം കണ്ടെത്തുന്നതിന് 2011-2012 സാമ്പത്തിക വർഷം രണ്ട് പോർട്ടബിൾ ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ (Portable Electronic Weigh Bridge) വാങ്ങിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ആര്യങ്കാവ് (കൊല്ലം), ഗോപാലപുരം (പാലക്കാട്), മഞ്ചേശ്വരം (കാസർഗോഡ്) എന്നിവിടങ്ങളിൽ നൂറ് ടൺ ശേഷിയുള്ള മൂന്ന് പിറ്റ്ലെസ് ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ (Pitless Electronic Weigh Bridge) വാങ്ങിക്കുന്നതിനുള്ള അനുമതി 11.06.2013ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഇതിനുള്ള ദർഘാസ് നടപടികൾ ഉടൻ തുടങ്ങുന്നതാണ്. സംസ്ഥാനത്തുടനീളം മോട്ടോർ വാഹന വകുപ്പിന് 19 ചെക്ക് പോസ്റ്റുകളാണുള്ളത്. ഇതിൽ അമരവിള (തിരുവനന്തപുരം), വാളയാർ (പാലക്കാട്) എന്നിവ വാണിജ്യ നികുതി വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സംയുക്ത ചെക്ക് പോസ്റ്റുകളാണ്. 19 ചെക്ക്പോസ്റ്റുകളിൽ മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി സ്ഥലമുള്ളത് മഞ്ചേശ്വരം (കാസർഗോഡ്), പെർള (കാസർഗോഡ്), ഗോപാലപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ മാത്രമാണ്. സ്വന്തമായി സ്ഥലം ലഭ്യമായാൽ മാത്രമേ ഇലക്ട്രോണിക് വേയിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ മോട്ടോർ വാഹനവകുപ്പിന് സാധ്യമാവുകയുള്ളൂ. |
| (ബി) വ്യാജ രജിസ്ട്രേഷൻ നമ്പരുള്ള വാഹനങ്ങൾ കണ്ടെത്തുന്നതിന് ചെക്ക് പോസ്റ്റുകളിലുള്ള സംവിധാനം വിശദമാക്കുമോ ; | (ബി) | വാഹനവും രേഖകളും പരിശോധിച്ചു കൊണ്ടാണ് വ്യാജ രജിസ്ട്രേഷൻ കണ്ടെത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | അന്തർസംസ്ഥാന യാത്രാ-പെർമിറ്റുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും, യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ പെർമിറ്റ് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്നും വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടുള്ള റൂട്ടുകളിൽ ആണ് പെർമിറ്റ് നൽകുന്നത്. ഈ സർവ്വീസുകൾ നടത്തുന്ന ബസുകൾക്ക് സ്വസംസ്ഥാനത്ത് മാത്രം നികുതിയടച്ചാൽ മതി. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയാണ് അന്തർ സംസ്ഥാന റൂട്ടുകളിൽ പെർമിറ്റ് നൽകുന്നത്. ടി പെർമിറ്റുകൾക്ക് എതിർ സംസ്ഥാനത്തെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും കൗണ്ടർ സിഗ്നേച്ചർ വാങ്ങേണ്ടതുണ്ട്.<br><br>കേരളവും കർണ്ണാടകയും തമ്മിൽ 1976 മുതൽ അഞ്ച് അന്തർ സംസ്ഥാന കരാറിലേർപ്പെട്ടിട്ടുണ്ട്. (1976, 1982, 1992, 2005, 2009). 1976 ലെ കരാറനുസരിച്ച് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയത്, പെർമിറ്റ് കാലാവധി കഴിയുന്നതനുസരിച്ച് വീണ്ടും പുതുക്കി നൽകി വരുന്നു. കേരളവും കർണ്ണാടകയും തമ്മിലുള്ള ബാക്കി നാല് കരാറുകളിലും ഉൾപ്പെട്ടിരിക്കുന്ന റൂട്ടുകൾ മുഴുവനും അനുവദിച്ചിരിക്കുന്നത് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിന് മാത്രമാണ്.<br><br>കേരളവും തമിഴ്നാടും തമ്മിൽ 1976 മുതൽ എട്ട് അന്തർ സംസ്ഥാന കരാറിലേർപ്പെട്ടിട്ടുണ്ട്. (1976, 1979, 1981, 1982, 1984, 1995, 1999 & 2008). 1976,. 1979 എന്നീ വർഷങ്ങളിലെ കരാറുകളനുസരിച്ച് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയത്, കാലാവധി കഴിയുന്നതനുസരിച്ച് വീണ്ടും പുതുക്കി നല്കിവരുന്നു. ബാക്കി കരാറുകളിൽ ഉൾപ്പെട്ടിരിക്കുന്ന റൂട്ടുകൾ മുഴുവനും അനുവദിച്ചിരിക്കുന്നത് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിനു മാത്രമാണ്.<br><br>നിലവിൽ സ്വകാര്യ ബസ്സുകൾക്ക് പുതിയ പെർമിറ്റുകൾ അന്തർ സംസ്ഥാന റൂട്ടിൽ നൽകുന്നില്ല. സ്പെഷ്യൽ പെർമിറ്റെടുത്ത് അന്യസംസ്ഥാനത്തേക്ക് വിനോദ സഞ്ചാരത്തിനു പോകാൻ ചെക്ക്പോസ്റ്റുകളിൽ തന്നെ സൗകര്യമുണ്ട്. ചരക്ക് വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റ് ചെക്ക്പോസ്റ്റിൽ നിന്നുതന്നെ എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.